**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5154** **14-03-2023 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള താത്ക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിലവിൽ താത്ക്കാലിക നിയമനങ്ങൾ നടത്തുന്നതിന് എത്ര വയസ്സ് ഉള്ളവരെ പരിഗണിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള താത്കാലിക നിയമനങ്ങൾക്ക് 36 വയസ്സ് ഉയർന്നപ്രായപരിധിയായി നിശ്ചയിച്ചിരുന്ന ഒഴിവുകളിൽ തുറന്ന ഒഴിവുകൾക്ക (ഓപ്പൺ കോമ്പറ്റിഷൻ)സംവരണ വിഭാഗക്കാരെയും സംവരണേതര വിഭാഗക്കാരെയും 18 മുതൽ ഉയർന്ന പ്രായ പരിധിയായ 41 വയസ്സ് വരെ പരിഗണിക്കുന്നതാണ്. സംവരണം ചെയ്യപ്പെട്ട ഒഴിവുകളിൽ സംവരണാനു-കൂല്യമുള്ള പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗം ഒഴികെയുള്ളവരെ 18 മുതൽഉയർന്ന പ്രായ പരിധിയായ 44 വയസ്സ് വരെയും, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരെ 18 മുതൽ 46 വയസ്സ് വരെയും പരിഗണിക്കുന്നതാണ്. എന്നാൽ 18-36 പ്രായപരിധിയല്ലാതെ അറിയിക്കുന്ന ഒഴിവുകളിൽ തുറന്ന മത്സര വിഭാഗത്തിൽ സംവരണ വിഭാഗങ്ങൾക്ക് അർഹമായ വയസ്സിളവ് അനുവദനീയമാണ്.കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ മുൻഗണനയും വയസ്സിളവും അനുവദിച്ചിട്ടുള്ള വിഭാഗങ്ങൾക്ക്, അവർക്ക് അർഹതപ്പെട്ട വയസ്സിളവ് ഉൾപ്പെടെ സർക്കാർ സർവീസിലേയ്ക്കുള്ള പരമാവധി പ്രായ പരിധിയായ 50 വയസ്സ വരെ പരിഗണിക്കുന്നതാണ് . |
| (ബി) | സർക്കാർ സർവീസിൽ പുതുതായി ജോലിയ്ക്ക് കയറുന്നവരുടെ പെൻഷൻ പ്രായം അറുപത് വയസ്സും പാർട്ട് ടൈം തസ്തികകളിൽ എഴുപത് വയസ്സും ആണെന്നിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള പ്രായപരിധി കൂട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ജി.ഒ(പി)No .10 /2002 /P&ARD തീയതി 14/03/2002 പ്രകാരം പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ പരിഗണിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധി 50 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രായപരിധി കൂട്ടുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ